# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:528 — 20.11.2019-ലെ മറുപടി

## പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്ന സംഭവങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, പാറക്കൽ അബ്ദുല്ല<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്; പൈപ്പ് ലൈനുകൾ പൊട്ടുന്ന വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ സമയബന്ധിതമായി പരിഹരിക്കുവാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |
| (ബി) | നിലവാരമില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതാണ് നിരന്തരം പൈപ്പ് പൊട്ടാൻ കാരണമെന്ന് അതോറിറ്റിയുടെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല; പൈപ്പുകളുടെ ഗുണനിലവാരം വിവിധ ടെസ്റ്റുകൾ വഴി പരിശോധിച്ച് ഉറപ്പാക്കിയ ശേഷമാണ് കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ ഉപയോഗത്തിനായി പരിഗണിക്കുന്നത്. |
| (സി) | ഇരുപത്തിനാല് മണിക്കൂറും ഗുണ നിലവാരമുള്ള ജലവിതരണത്തിന് വാട്ടർ അതോറിറ്റി സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | • ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ 24X7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലുണ്ട്.<br>• കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം IS 10500-2012 പ്രകാരം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതിന് ശേഷമാണ് വിതരണം ചെയ്യുന്നത്.<br>• കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ അവ പരിശോധിക്കുകയും ആവശ്യമായ തുടർ നടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**